(സി) യഥാസമയം തീർന്ന പണികളിൽ പണം അനുവദിക്കാത്തതുമൂലം കരാറുകാർ സാമ്പത്തിക ബുദ്ധിമുട്ടുകളിൽപ്പെട്ട് പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിക്കുന്നതായും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 1343.47 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ബി) കാരാറുകാർ പണിതീർത്ത് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ 31-12-2013 വരെയുള്ള ബില്ലുകൾ കൊടുത്തുതീർക്കുവാനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

(സി) യഥാസമയം പണം ലഭിക്കാത്തതു കാരണം കാരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തിവികസന പദ്ധതികൾ

191 (531) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതൊക്കെ നിർമ്മാണ പ്രവർത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ; പ്രവൃത്തിയുടെ പേരും തുകയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത് ; ഇനിയും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കുമോ ;

(സി) ടെണ്ടർ ചെയ്ത ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ഡി) നിർദ്ദേശിക്കപ്പെട്ട ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതികൾ ലഭിക്കാനുള്ളതെന്നും ആയതിന്റെ നടപടികൾ ഏതു ഘട്ടത്തിലായെന്നും വിശദമാക്കാമോ ;

(ഇ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും, അടങ്കൽ തുകയും വിശദമാക്കാമോ ;

(എഫ്) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി 941 ലക്ഷം രൂപ അടങ്കൽ വരുന്ന 11 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തിയുടെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തുവാൻ ധനവകുപ്പ് അനുമതി നൽകിയ എല്ലാ പ്രവർത്തികൾക്കും ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് രണ്ട് ഭരണാനുമതി ഉത്തരവുകളാണ് പുറപ്പെടുവിച്ചത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.(ക്രമ നമ്പർ 1,6)*

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പാണത്തൂർ- കല്ലപ്പടി റോഡ് പുനരുദ്ധാരണം എന്ന പ്രവൃർത്തിക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് ടെണ്ടർ നടപടി പൂർത്തികരിച്ച് പ്രവൃർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൂതാംകല്ല്-ബ്ളാൽ റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തിക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുകയും തുടർന്ന് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയിൽവച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ഉടൻതന്നെ ആരംഭിക്കും.

സർക്കാർ ബാധ്യതകളുടെ ഘടകങ്ങൾ

192(532) ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാർക്കറ്റ് ബോറോയിംഗ്സ്, കേന്ദ്ര ഗവൺമെൻറിൽനിന്നുള്ള ലോൺ, എൻ.എസ്.എസ്.എഫ് ഇഷ്യുചെയ്ത സെക്യൂരിറ്റീസ്, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്നും ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ, റിസർവ് ബാങ്കിൽ നിന്നുള്ള W.M. A/OD പി.എഫ്, സ്മാൾ സേവിംഗ്സ് ഫണ്ട്സ്, റിസർവ് ഡിപ്പോസിറ്റ്സ്, മറ്റ് ബാദ്ധ്യതകൾ എന്നിങ്ങനെ നിലവിൽ സർക്കാരിനുള്ള ബാദ്ധ്യതകളുടെ ഘടകങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

31-3-2014 വരെയുള്ള സംസ്ഥാന സർക്കാരിന്റെ വിവിധയിനത്തിലുള്ള ബാധ്യതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഇനം	ബാധ്യത(തുക കോടിയിൽ - 31-3-2014 വരെ)
മാർക്കറ്റ് ബോറോയിംഗ്സ്	60183.42
എൻ.എസ്.എസ്.എഫ് സെക്യൂരിറ്റീസ്	11281.17
ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും,	5339.75

LIBRARY ARCHIVES Kerala Legislative Assembly